ഉത്തരം

(എ ആന്റ് ബി) പാലം പണി പുനരാരംഭിക്കുന്നതിനെപ്പറ്റി ബന്ധപ്പെട്ട ജനപ്രതിനിധിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടത്തുകയും ഇക്കാര്യം ആർബിട്രേഷൻ കമ്മിറ്റി പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. ഹൈക്കോടതിയിൽ നിലവിലുള്ള സ്റ്റേ ഒഴിവാക്കിക്കിട്ടിയശേഷം ഡിപ്പാർട്ടുമെന്റ് നേരിട്ട് പാലത്തിന്റെ ശേഷിക്കുന്ന പണികൾ ചെയ്യുന്നതിന് തീരുമാനിച്ചതനുസരിച്ച് അതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. സ്റ്റേ ഒഴിവാക്കി കിട്ടുന്നതിനുള്ള തീവ്രശ്രമങ്ങൾ നടത്തിവരുന്നു.

കാരാഞ്ചിറയിലെ വിവിധ പാലങ്ങളുടെ നിർമ്മാണം

92 [708] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരാഞ്ചിറ വലിയ പാലത്തിന്റെയും, ചെറിയ പാലത്തിന്റെയും നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഈ പാലങ്ങളുടെ നിർമ്മാണം എന്നാണ് പൂർത്തിയാക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) വലിയ പാലം പൊളിച്ചു മാറ്റുമ്പോൾ പകരം നടപ്പാലം നിർമ്മിക്കാമെന്നുള്ള സർക്കാർ വാഗ്ദാനം പാലിക്കാത്തത് എന്തുകൊണ്ടാണ്; നടപ്പാലം നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ഡി) കരുവന്നൂർ പുഴയുടെ പാലത്തിന്റെ അടിഒഴുക്കും ആഴവും കണക്കിലെടുത്ത് ബദൽ സംവിധാനം എന്ന നിലയിൽ നടപ്പാലം തന്നെയായിരിക്കണമെന്ന ആവശ്യം പരിഗണിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) കരുവന്നൂർ പാലത്തിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഇതിന്റെ നിർമ്മാണം എന്നാണ് പൂർത്തിയാവുക എന്ന് വ്യക്തമാക്കാമോ;

(എഫ്) കാലപ്പഴക്കം വന്ന തൃശ്ശൂർ-തൃപ്പയാർ റോഡിലെ പഴുവിൽ പാലം പൊളിച്ചു പുതുക്കി പണിയുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനായി സ്വീകരിച്ചിട്ടുള്ള നടപടിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2005 ഒക്ടോബർ മാസം.

(സി ആന്റ് ഡി) ഒരു നടപ്പാലം പണിയുന്നതിനെപ്പറ്റി ഗവൺമെന്റ് ഗൗരവമായി ആലോചിക്കുന്നുണ്ട്. കൂടാതെ പാലം പുനർനിർമ്മാണം എത്രയും വേഗം പൂർത്തിയാക്കുന്നതിനുള്ള തീവ്രശ്രമങ്ങളും നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഉണ്ട്. 6 മാസത്തിനുള്ളിൽ പൂർത്തിയാകുംവിധം കരുവന്നൂർ പാലത്തിൽ പണികൾ പുരോഗമിച്ചുവരുന്നു.

(എഫ്). നബാർഡ് സഹായം ലഭ്യമാക്കി പഴുവിൽ പാലം പുതുക്കി പണിയുന്ന കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

ഫറോക്ക് പാലത്തിന്റെ അപകടാവസ്ഥ

93 [709] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫറോക്ക് പഴയ പാലത്തിന്റെ അപകടാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാലത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി എന്തു തുക വകയിരുത്തിയിട്ടുണ്ട്;

(സി) പാലത്തിന്റെ അറ്റകുറ്റപ്പണികൾ സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(ഡി) അറ്റകുറ്റപ്പണികൾ അടിയന്തിരമായി നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപ്പുവർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

(സി ആന്റ് ഡി) ഈ പാലത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനു വേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കാൻ KEL-നെ ചുമതലപ്പെടുത്തിയിരിക്കയാണ്. എസ്റ്റിമേറ്റ് ലഭിച്ചശേഷം ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കാസർഗോഡ് ജില്ലയിലെ തട്ടാർകടവ്, വെള്ളാപ്പ-ഇടയിലക്കാട് പാലം നിർമ്മാണം

94 [710] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ നിർദ്ദിഷ്ട തട്ടാർക്കടവ്, വെള്ളാപ്പ-ഇടയിലക്കാട് പാലം നിർമ്മാണപ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

ഉത്തരം

തട്ടാർക്കടവ് പാലത്തിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. വെള്ളാപ്പ-ഇടയിലക്കാട് പാലത്തിന്റെ സർവ്വേ പൂർത്തിയായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly